**879**

*രീതി: ഹന്ത! മനോഹരമെന്തു മനോ*

എന്റെ കർത്താവും എൻ ദൈവവുമേ
നിന്നിൽ ആശ്രയിക്കുന്നു ഞാൻ ഇന്നും എന്നും

1 തീയിൻ നടുവിലും വെള്ളത്തിലും എന്റെ ജീവിതനാളുകൾ ആയിടിലും
വെന്തുപോകാതെയും താണുപോകാതെയും
താങ്ങി നിറുത്തിടും നിൻ കരങ്ങൾ-

2 രോഗത്തിലും അതിവേദനയിലും നിൻ
സാന്നിദ്ധ്യം എനിക്കൊന്തോരാശ്വാസമേ
രോഗികളെ തൊട്ട നിൻകരങ്ങൾ എന്നെ താലോലിച്ചാനന്ദം നൽകീടട്ടെ-

3 സന്താപത്തിൽ അതിസന്തോഷം നൽകും നിൻ
സാന്ത്വനം ശബ്ദം ഞാൻ കേട്ടിടട്ടെ
നിൻരൂപം കാണുവാൻ നിൻസ്വരം കേൾക്കുവാൻ
നിൻവചനം എനിക്കാനന്ദമേ-

4 ഇന്നലെയും ഇന്നും എന്നും അനന്യനാം
നിന്നിൽ ഞാൻ ആയതാൽ എത്ര ധന്യൻ
ഈ ലോക ജീവിതകാലം കഴിയുമ്പോൾ
നിന്നോടു ചേരും ഞാൻ നിത്യതയിൽ- **P.T.**